**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:2424** **07/10/2016 ൽ മറുപടിക്ക്**

**അഗ്രികൾച്ചർ അസിസ്റ്റന്റ് തസ്തികയിലെ നിയമനം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. രാജഗോപാൽ:** | **ശ്രീ.വി. എസ്. സുനിൽകുമാർ (കൃഷിവകുപ്പ് മന്ത്രി)** |
| എ) അഗ്രികൾച്ചർ അസിസ്റ്റന്റ് തസ്തികയിലെ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) വിവിധ ഘട്ടങ്ങളിൽ പി.എസ്.സി.യിൽ നിന്നും ലഭിച്ച നിയമന ശുപാർശ പ്രകാരം 1466 പേർക്ക് കൃഷി അസിസ്റ്റന്റ് തസ്തികയിൽ നിയമനം നടത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റയുടനെ തന്നെ അഗ്രികൾച്ചർ അസിസ്റ്റന്റുമാരുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി 6 മാസത്തേക്കു കൂടി ദീർഘിപ്പിക്കുകയുണ്ടായി. പി.എസ്.സി. റാങ്ക് ലിസ്റ്റിൽ 1929 പേരാണുണ്ടായിരുന്നത്. അതിൽ നിന്നാണ് മേൽപറഞ്ഞ 1466 പേർക്ക് നിയമനം നൽകിയിട്ടുള്ളത്. |
| ബി) ആകെ എത്ര അഗ്രികൾച്ചർ അസിസ്റ്റന്റ് തസ്തിക നിലവിലുണ്ടെന്നും ഇതിൽ എത്ര ഒഴിവുകളിൽ സ്ഥിര നിയമനം നടത്തിയിട്ടുണ്ടെന്നും അറിയിക്കുമോ; | (ബി) കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ 3071 അഗ്രികൾച്ചർ അസിസ്റ്റന്റ് തസ്തിക നിലവിലുണ്ട്. അതിൽ 3045 സ്ഥിരനിയമനം നടത്തിയിട്ടുണ്ട്. |
| സി) അഗ്രികൾച്ചർ അസിസ്റ്റന്റ് തസ്തികയിൽ ഭിന്നശേഷിക്കാരെ ലഭിക്കാത്ത സാഹചര്യത്തിൽ, പ്രസ്തുത വിഭാഗക്കാർക്കായി നിശ്ചയിച്ചിട്ടുള്ള തസ്തികകളിൽ താല്ക്കാലികമായെങ്കിലും നിലവിലുള്ള ലിസ്റ്റിൽ നിന്നുള്ളവരെ നിയമിക്കാൻ നടപടികൾ ഉണ്ടാകുമോ; | (സി) കൃഷി അസിസ്റ്റന്റിന്റെ യോഗ്യതയിൽ നല്ല 'കായിക ശേഷി' ഒരു യോഗ്യതയായി ഉൾപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്. എന്നാൽ സാമൂഹ്യനീതി വകുപ്പിന്റെ 10.2.2009-ലെ സ.ഉ.(അച്ചടി) നം.11/ 2009/SWD പ്രകാരം ഭിന്നശേഷിയുള്ളവർക്ക് 3% സംവരണത്തിന് അർഹതയുള്ള തസ്തികകളുടെ പട്ടികയിൽ കൃഷി അസിസ്റ്റന്റ് തസ്തികയും ഉൾപ്പെട്ടിരുന്നു. എന്നാൽ കൃഷിയിടങ്ങൾ സന്ദർശിക്കുക എന്നത് കൃഷി അസിസ്റ്റന്റിന്റെ പ്രധാന ചുമതലയായതിനാലും സബ്സിഡി |

| | |
|---|---|
| | അനുവദിക്കുക, കൃഷി നാശം വിലയിരുത്തുക എന്നിവയിലൊക്കെ കൃഷി ഓഫീസറെ സഹായിക്കേണ്ടതുള്ളതിനാലും ശാരീരിക വെല്ലുവിളികൾ നേരിടുന്ന എല്ലാ വിഭാഗങ്ങളേയും കൃഷി അസിസ്റ്റന്റ് തസ്തികയിൽ പരിഗണിക്കുന്നത് ഉചിതമല്ല എന്ന് വിലയിരുത്തുന്നതിനാൽ ടി വിഷയത്തിൽ ഉചിതമായ ശിപാർശ സാമൂഹ്യനീതി വകുപ്പിനോടാവശ്യപ്പെട്ടിട്ടുണ്ട്. |
| ഡി) കേരളത്തിലെ മുഴുവൻ കൃഷി ഓഫീസുകളിലും അഗ്രികൾച്ചർ അസിസ്റ്റന്റ് തസ്തികയുടെ എണ്ണം ക്രമീകരിച്ച് നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ; | (ഡി) പരിശോധിച്ചു വരുന്നു. |
| ഇ) 2017-ലെ എത്ര പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഇ) 2017-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ